ത്തും വൈകുന്നേരവുമായി നടത്തുന്നതു് ഈ പരിമിതികളെ ഒരളവുവരെ മറികടക്കുവാൻ പ്രയോജനപ്പെടുമെന്നു് ശ്രീ ഹിദായത്തുള്ള കരുതുന്നു. ആദ്യത്തെ മൂന്നു വർഷത്തെ പഠനം സാധാരണ കോളേജുകളിലേതുപോലെ, പത്തു മണി മുതൽ നാലു മണിവരെ നടത്തുകയാണു നല്ലതു്. മൂന്നു വർഷത്തെ പഠിപ്പിനുശേഷം പരീക്ഷ നടത്തി, വിജയിക്കുന്നവർക്കു് നിയമത്തിൽ ബി.എ. ബിരുദവും, പിന്നീടു രണ്ടു വർഷത്തെ പഠിപ്പിനു ശേഷം അവസാന പരീക്ഷയിൽ ജയിക്കുന്നവർക്കു് എൽ.എൽ. ബി. ബിരുദവും നൽകുന്നതും പ്രയോജനകരമായിരിക്കുമെന്നു് അദ്ദേഹം പറഞ്ഞു. ഇടയ്ക്കുവച്ചു പഠിപ്പു നിർത്താൻ നിർബദ്ധരാകുന്നവർക്കു് ഈ വിഭജനം ഉപകരിക്കുമല്ലോ.

ഇന്ത്യൻ ബാർ കൗൺസിലിൻെറ ആഭിമുഖ്യത്തിൽ, ഇന്ത്യയിലെ നിയമപഠനങ്ങൾക്കു മാർഗദർശനവും ഉത്തേജനവും നൽകുന്നതിനായി ഒരു ദേശീയ നിയമവിദ്യാലയം (നാഷണൽ ലോ സ്കൂൾ) അടുത്ത വർഷം ബാംഗളൂരിൽ സ്ഥാപിക്കപ്പെടുമെന്നു്, പുതിയ കോഴ്സ് ഉദ്ഘാടനം ചെയ്യുന്ന അവസരത്തിൽ ബാർ കൗൺസിൽ സെക്രട്ടറി ഡോ. എൻ. ആർ. മാധവമേനോൻ പ്രസ്താവിക്കുകയുണ്ടായി. നിയമാദ്ധ്യാപകർക്കു വേണ്ടി ഓറിയൻേറഷൻ കോഴ്സുകളും റിഫ്രെഷർ കോഴ്സുകളും നടത്തുക, നിയമം സംബന്ധിച്ച മാനക (സ്റ്റാൻഡേർഡ്) ഗ്രന്ഥങ്ങൾ ന്യായമായ വിലയ്ക്കു പ്രസിദ്ധീകരിക്കുക, വക്കീൽമാർക്കു പ്രായോഗിക പരിശീലനം നൽകുക മുതലായവയും ദേശീയ ബാർ കൗൺസിലിൻെറ പ്രവർത്തന മേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്.

തമിഴ്നാടിൻെറ മാതൃകയെ പിന്തുടർന്നു മററു സ്റ്റേററുകളും അധികം താമസിയാതെ അഞ്ചു വർഷ നിയമപഠന കോഴ്സ് നടപ്പിൽ വരുത്തുമെന്നു വിശ്വസിക്കാം. കൂടുതൽ മെച്ചപ്പെട്ട വക്കീലന്മാരെയും നിയമ പണ്ഡിതന്മാരെയും സൃഷ്ടിക്കുന്നതിനു് ഈ പരിഷ്കാരം വഴിതെളിയിക്കാതിരിക്കുകയില്ല.

(5 നവംബർ, 1983)

# 93. ഇന്ത്യയിലെ ആദ്യത്തെ ഓപ്പൺ യൂനിവേഴ്സിററി

'ഓപ്പൺ യൂനിവേഴ്സിററി' എന്ന സങ്കല്പനത്തിൻെറ ഉപജ്ഞാതാവായി അറിയപ്പെടുന്നതു് ബ്രിട്ടനിലെ ഹാരോൾഡ് വിത്സൻ ആണു്. 1963–ൽ ബ്രിട്ടനിലെ എതിർകക്ഷിനേതാവായിരുന്നു വിത്സൻ. സെക്കൻഡറി വിദ്യാഭ്യാസം പൂർത്തിയാക്കുന്നവരിൽ നൂറിനു് ഏഴുപേർ മാത്രമേ അന്നു് ബ്രിട്ടനിൽ സർവകലാശാലാ വിദ്യാഭ്യാസത്തിനു പോയിരുന്നുള്ളു. തൊഴിൽ കിട്ടിയതിനാലും, പണമില്ലാത്തതിനാലും, മററു കാരണങ്ങളാലും സർവകലാശാലാ വിദ്യാഭ്യാസത്തിൻെറ അവസരം എന്നന്നേക്കുമായി നഷ്ടപ്പെടുന്ന തൊണ്ണൂററിമൂന്നു ശതമാനം സെക്കൻഡറി സ്കൂൾ സർട്ടിഫിക്കററുകാർക്കുകൂടി സർവകലാശാലാ വിദ്യാഭ്യാസത്തിനു് അവസരവും സൗകര്യങ്ങളും നൽകുന്നതു് ബ്രിട്ടീഷ് ജനാധിപത്യ വ്യവസ്ഥിതിയുടെ മേന്മയ്ക്കു് അനുപേക്ഷണീയമാണെന്നു് വിത്സൻ കരുതി. അതിനായി രാവിലെയും വൈകുന്നേരവും റേഡിയോവിലൂടെയും ടെലിവിഷനിലൂടെയും പാഠങ്ങൾ പ്രക്ഷേപിക്കുന്ന ഒരു 'എയർ യൂനിവേഴ്സിററി'

സ്ഥാപിക്കണമെന്ന നിർദേശം അദ്ദേഹം ഉന്നയിച്ചു. താമസിയാതെ ബ്രിട്ടനിലെ പ്രധാനമന്ത്രിയായിത്തീർന്നപ്പോൾ, തന്റെ ആശയത്തിനു മൂർത്തരൂപം നൽകാൻ ഹാരോൾഡ് വിത്സന് അവസരം കൈവന്നു. ബ്രിട്ടീഷ് പ്രധാനമന്ത്രി നിയമിച്ച ഉപദേശകസമിതി 'ഓപ്പൻ യൂനിവേഴ്സിററി' സ്ഥാപിക്കുന്നതു സംബന്ധിച്ച് നൽകിയ നിർദേശങ്ങൾ 1966—ൽ ഒരു 'വൈററ് പേപ്പർ' ആയി പ്രസിദ്ധീകരിക്കപ്പെട്ടു. 1969—ൽ നിയമപ്രകാരം ബ്രിട്ടനിലെ 'ഓപ്പൻ യൂനിവേഴ്സിററി' നിലവിൽവന്നു. 1971—ൽ ആദ്യമായി പഠനം ആരംഭിക്കുമ്പോൾ, ബ്രിട്ടനിലെ 'ഓപ്പൻ യൂനിവേഴ്സിററി'യിൽ 24,000 വിദ്യാർത്ഥികളുണ്ടായിരുന്നു. യൂനിവേഴ്സിററിയിൽ ചേരുന്നതിന് ഒരു വിദ്യാഭ്യാസയോഗ്യതയും (സെക്കൻഡറി സർട്ടിഫിക്കററ് പോലും) ആവശ്യമായിരുന്നില്ല എന്നതുകൊണ്ടാണ് ഈ സർവ്വകലാശാലയെ 'തുറന്നതു്' (ഓപ്പൻ) എന്നു വിശേഷിപ്പിച്ചതു്. പക്ഷേ, വിദ്യാർത്ഥികൾക്ക് ഇരുപത്തൊന്നു വയസ്സു തികഞ്ഞിരിക്കണമെന്നും, വേനൽ ഒഴിവുകാലത്തു് ആണ്ടിൽ ഒരാഴ്ച നിശ്ചിത സ്ഥലങ്ങളിൽവെച്ച് അവർ സർവകലാശാലാദ്ധ്യാപകരുമായി സമ്പർക്കത്തിലേർപ്പെടണമെന്നും നിയമമുണ്ടായിരുന്നു.

സാധാരണക്കാരെ ഉദ്ദേശിച്ചുള്ള ഇത്തരം സർവകലാശാലകളിൽ സാധാരണ പാഠപുസ്തകങ്ങൾ മതിയാവുകയില്ല. 'ഓപ്പൻ യൂനിവേഴ്സിററി'ക്കുവേണ്ടി മിക്ക വിഷയങ്ങളിലും മികച്ച, രസകരമായി വായിച്ചുപോകാവുന്ന, അതേസമയം ചോദ്യങ്ങളും അധികവായന സംബന്ധിച്ച നിർദേശങ്ങളും മററും അടങ്ങുന്ന, പാഠപുസ്തകങ്ങൾ ഇംഗ്ലണ്ടിലെ പുസ്തകവ്യവസായികൾ തയ്യാറാക്കിയിട്ടുണ്ട്. ശാസ്ത്രവിഷയങ്ങളിൽ, വീടുകളിൽവെച്ചു പരീക്ഷണങ്ങൾ നടത്താനുള്ള 'കിററു'കളും ചുരുങ്ങിയ വിലയ്ക്ക് അവിടെ വാങ്ങാൻ കിട്ടും. ഏററവും പ്രശസ്തരായ അദ്ധ്യാപകരാണ് ബ്രിട്ടനിലെ 'ഓപ്പൻ യൂനിവേഴ്സിററി'ക്കുവേണ്ടി ടെലിവിഷനിലൂടെയും മററും ക്ലാസ്സുകൾ എടുക്കുന്നതു്. 'ഓപ്പൻ യൂനിവേഴ്സിററി'യിലെ ആഫീസ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. വിദ്യാർത്ഥിയുടെ ഏതു സംശയത്തിനും അവിടെനിന്ന് ഉടനുടൻ ഉത്തരം ലഭിക്കും. ഇങ്ങനെയൊക്കെയായിട്ടും, ബ്രിട്ടനിലെ 'ഓപ്പൻ യൂനിവേഴ്സിററി' പരീക്ഷണം വിചാരിച്ചതുപോലെ വലിയ ഒരു വിജയമായിട്ടില്ല എന്നാണു വിദഗ്ദ്ധാഭിപ്രായം. വിജ്ഞാനതൃഷ്ണ ഇനിയും ബഹുഭൂരിഭാഗം ജനങ്ങളുടെ ഒരു മൗലികവാസനയായി മാറിയിട്ടില്ല, ബ്രിട്ടനിൽപ്പോലും.

ഇപ്പോൾ ഇതാ, ഇന്ത്യയിലും ഒരു 'ഓപ്പൻ യൂനിവേഴ്സിററി' ഉണ്ടായിരിക്കുന്നു. ഈ പരീക്ഷണത്തിനു് ഇന്ത്യയിൽ ആദ്യമായി മുന്നോട്ടുവന്നതിനുള്ള അഭിനന്ദനം അർഹിക്കുന്നതു് ആന്ധ്രപ്രദേശ് ഗവണ്മെൻറാണു്. 'ഓപ്പൻ യൂനിവേഴ്സിററി' സ്ഥാപിക്കുന്നതിൽ ആന്ധ്രപ്രദേശ് ഗവണ്മെൻറ് പ്രദർശിപ്പിച്ച കാര്യക്ഷമത അസാധാരണം മാത്രമല്ല, അത്ഭുതാവഹംകൂടിയാകുന്നു. ഇതു സംബന്ധിച്ച നിയമത്തിൻെറ ഡ്രാഫ്ററ് 1982 ആഗസ്റ്റ് 23—ാം തീയതി ആന്ധ്രപ്രദേശ് മന്ത്രിസഭ അംഗീകരിച്ചു. ആഗസ്റ്റ് 24—ാം തീയതി, നാലു മണിക്കൂർ നീണ്ട വാദപ്രതിവാദത്തിനു ശേഷം, അസംബ്ലി ഈ ബിൽ പാസ്സാക്കി. ആന്ധ്രപ്രദേശിൽ നിയമസഭയ്ക്ക് അസംബ്ലിക്കു പുറമേ 'കൗൺസിൽ' എന്ന ഒരു ഉപരിസഭകൂടിയുണ്ട്. ആഗസ്റ്റ് 25—ാം തീയതി കൗൺസിലിലും ബിൽ പാസ്സായി. അന്നു രാത്രിതന്നെ ഗവർണർ ശ്രീ കെ. സി. അബ്രഹാം ബിൽ അംഗീകരിച്ചു. അതോടെ അതു നിയമമായി. ആഗസ്റ്റ് 26—ാം തീയതി രാഷ്ട്രപതി ശ്രീ സെയ്ൽസിംഗ് 'ഓപ്പൻ യൂനിവേഴ്സിററി' ഉദ്ഘാടനംചെയ്തു. അങ്ങനെ മൂന്നു ദിവസംകൊണ്ടു തികച്ചും പുതിയ

രീതിയിലുള്ള ഒരു സർവകലാശാല സംബന്ധിച്ച നിയമം മന്ത്രിസഭാ തലത്തിൽനിന്നു വിവിധ നിർമാണദശകളിലൂടെ സഫലമായി കടന്നു പോയി; നാലാം ദിവസം സർവകലാശാല നിലവിൽ വരികയും ചെയ്തു. ഇതു് ആശ്ചര്യമല്ലേ?

'അമ്മയുടെ ശ്രാദ്ധം വിഡ്ഢി ഊട്ടിയതുപോലെ' എന്നാണു് ഈ അസാധാരണമായ കർമദക്ഷതയെ ആന്ധ്രപ്രദേശിലെ ലോകദളിന്റെ നേതാവായ ശ്രീ ശങ്കരസത്യനാരായണ വിവരിച്ചതു്. ശ്രാദ്ധത്തിനു് എരിശ്ശേരിക്കറി വെക്കണം; അതുണ്ടാക്കാൻ മത്തങ്ങയും വേണം. വിഡ്ഢിക്കു് എവിടെനിന്നോ ഒരു മത്തങ്ങ കിട്ടി. അമ്മ അപ്പോഴും ജീവിച്ചിരിപ്പുണ്ടു്. എങ്കിലും മത്തങ്ങ വെറുതെ കളയാമോ? അമ്മ ഇരിക്കെത്തന്നെ വിഡ്ഢി എരിശ്ശേരിക്കറിവെച്ചു് അമ്മയുടെ ശ്രാദ്ധമൂട്ടി. അതുപോലെ, ആഗസ്റ്റ് 26—ാം തീയതി രാഷ്ട്രപതി ആന്ധ്രപ്രദേശ് സന്ദർശിച്ചു. ഈ സന്ദർഭം വെറുതെ കളയാമോ? മൂന്നു ദിവസംകൊണ്ടു നിയമം നിർമിച്ചു് നാലാം ദിവസം 'ഓപ്പൻ യൂനിവേഴ്സിററി' രാഷ്ട്രപതിയെക്കൊണ്ടു് നാഗാർജ്ജുനസാഗറിൽ ഉദ്ഘാടിപ്പിച്ചു. ഇപ്പോൾ ആന്ധ്രപ്രദേശിലെ വിദ്യാഭ്യാസമന്ത്രി പറയുന്നതു്: 'ഓപ്പൻ യൂനിവേഴ്സിററി' എന്ന സങ്കല്പനം മാത്രമേ രാഷ്ട്രപതി ഉദ്ഘാടനംചെയ്തിട്ടുള്ളു എന്നാണു്. അതു സ്ഥാപിക്കുന്നതു് നാഗാർജ്ജുനസാഗറിലായിക്കൊള്ളണമെന്നില്ല. എന്തെല്ലാം വിഷയങ്ങൾ അതിൽ പഠിപ്പിക്കുമെന്നും തീരുമാനമായിട്ടില്ല.

എങ്കിലും, 1983 ജൂലൈമുതൽ ആന്ധ്രപ്രദേശിലെ 'ഓപ്പൻ യൂനിവേഴ്സിററി' പ്രവർത്തിച്ചുതുടങ്ങുമെന്നാണു് ആഗസ്റ്റ് 29—ാം തീയതി 'ഹിന്ദു'വിൽ പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ടിൽ കാണുന്നതു്. ബി. എ., ബി. എസ്സി., ബി. കോം എന്നീ ബിരുദങ്ങളിലേക്കു നയിക്കുന്ന ക്ലാസ്സുകളാണു് അവിടെ ഉണ്ടാവുക. സാധാരണ സർവകലാശാലകളിൽ പഠിപ്പിക്കുന്ന വിഷയങ്ങൾക്കു പുറമേ ഇന്ത്യയുടെ ചരിത്രവും സംസ്കാരവും, ഇന്ത്യയിലും മററു രാജ്യങ്ങളിലും നടന്ന സ്വാതന്ത്ര്യസമരങ്ങളുടെ ചരിത്രം, ഇന്ത്യയിലെ സാമൂഹ്യ—സാമ്പത്തിക ജീവിതം, ഏഷ്യൻ—ആഫ്രിക്കൻ സംസ്കാരങ്ങൾ, ഗാന്ധിദർശനം, ശാസ്ത്ര—സമൂഹചരിത്രം, ശാസ്ത്രീയസമീപനം, ശാസ്ത്രം നിത്യജീവിതത്തിൽ, ശാസ്ത്രവും മൂല്യങ്ങളും മുതലായ വിഷയങ്ങൾകൂടി പാഠ്യവിഷയങ്ങളിൽ ഉൾപ്പെടുത്തും. അണ്ടർ ഗ്രാജേ്വററ് കോഴ്സുകൾക്കു പുറമേ ഗ്രാജേ്വററുകൾക്കും പോസ്റ്റ് ഗ്രാജേ്വററുകൾക്കുംവേണ്ടി കാർഷികവിപണനം, ഫാം മാനേജ്മെൻറ്, സഹകരണ മാനേജ്മെൻറ്, സമൂഹവികസനം, ഗ്രാമീണബാങ്കിംഗ്, സമൂഹസേവനം, തൊഴിലാളിക്ഷേമം, ഗൃഹധനശാസ്ത്രം, വാർത്താവിനിമയം, ഇലക്ട്രോണിക്സ് മുതലായ വിഷയങ്ങളിൽ ഡിപ്ളോമകോഴ്സുകളും സർട്ടിഫിക്കററ് കോഴ്സുകളും നടത്താനും പരിപാടിയുണ്ടു്. ഊർജം സംബന്ധിച്ച പഠനങ്ങൾ, സ്പേസ്ശാസ്ത്രം, കമ്പ്യൂട്ടർശാസ്ത്രം, പരിസ്ഥിതിപഠനം, പരിസ്ഥിതിസംരക്ഷണം, വിഭവസംവർധനം, ഇലക്ട്രോണിക്സ് മുതലായ വിജ്ഞാനത്തിന്റെ പുതിയ മേഖലകളിൽ പോസ്റ്റ് ഗ്രാജേ്വററുകൾക്കു് തുടർന്നു വിദ്യാഭ്യാസം നൽകാനുദ്ദേശിച്ചുകൊണ്ടുള്ള ഡിപ്ളോമാകോഴ്സുകളും 'ഓപ്പൻ യൂനിവേഴ്സിററി'യുടെ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. ഇന്ത്യയിലെ ഇരുപത്തിരണ്ടു സർവകലാശാലകളിൽ ഇപ്പോൾത്തന്നെ നിലവിലുള്ള കറസ്പോണ്ടൻസ് കോഴ്സുകളിൽനിന്നു് 'ഓപ്പൻ യൂനിവേഴ്സിററി'യിലെ കോഴ്സുകൾക്കുള്ള ഒരു മുഖ്യ വ്യത്യാസം വിഷയങ്ങളുടെ ഈ നൂതനത്വം ആയിരിക്കും. റേഡിയോ,

ടെലിവിഷൻ എന്നീ മാദ്ധ്യമങ്ങളെ ക്ലാസ്സുകൾ നടത്തുന്നതിനു് ഉപയോഗപ്പെടുത്തുമെന്നതും എടുത്തുപറയാവുന്ന ഒരു സവിശേഷതതന്നെ.

ആന്ധ്രപ്രദേശിലെ ഇരുപത്തിനാലു ജില്ലകളിൽ ഓരോന്നിലും, ഓരോ കോളേജിൽ, 'ഓപ്പൻ യൂനിവേഴ്സിററി'യുടെ 'പഠനകേന്ദ്രങ്ങൾ' പ്രവർത്തിക്കും. ഇവിടെ സാധാരണ പഠനസമയത്തിനു മുമ്പോ, പിമ്പോ 'ഓപ്പൻ യൂനിവേഴ്സിററി'യിലെ വിദ്യാർത്ഥികൾക്കു് അദ്ധ്യാപകരുമായി സമ്പർക്കം പുലർത്താം; സംശയം തീർക്കാം. ഇതിനായി പാർട്ട്—ടൈം ലക്ചറർമാരെ 'ഓപ്പൻ യൂനിവേഴ്സിററി' നിയമിക്കും. പഠനകേന്ദ്രങ്ങളിൽ കാസററ് ലൈബ്രറികളുണ്ടാവും; ക്ലാസ്സുകൾ രേഖപ്പെടുത്തിയ ടേപ്പുകൾ വിദ്യാർത്ഥികൾക്കു് ഇവിടെനിന്നു കടം വാങ്ങി വീട്ടിൽ കൊണ്ടുപോയി കേൾക്കാം.

അടുത്ത ജൂലൈമാസത്തിൽ പ്രവർത്തനം ആരംഭിക്കുമ്പോൾ 'ഓപ്പൻ യൂനിവേഴ്സിററി'യിൽ 5,000 വിദ്യാർത്ഥികൾ ഉണ്ടാകുമെന്നാണു പ്രതീക്ഷ. പഠനസാമഗ്രികളുടെ വിലയായി 150 രൂപയും, പരീക്ഷ, സമ്പർക്കപരിപാടി, ദൃശ്യ—ശ്രാവ്യവസ്തുക്കൾ എന്നിവയ്ക്കുള്ള ഫീസായി 50 രൂപ വീതവും രണ്ടു ടേമിലെ അദ്ധ്യാപനഫീസായി 200 രൂപയും, തപാൽച്ചെലവിനു് 25 രൂപയും മററിനങ്ങൾക്കു് 40 രൂപയുമടക്കം ആണ്ടിൽ 465 രൂപ ഓരോ വിദ്യാർത്ഥിയും കൊടുക്കണം. ഇപ്പോൾ ആന്ധ്രപ്രദേശിൽ ഏഴു സർവകലാശാലകളും എണ്ണൂററിപ്പതിമൂന്നു കോളേജുകളുമുണ്ടു്. ഇവയിൽ 4,31,787 വിദ്യാർത്ഥികൾ പഠിക്കുന്നു. എന്നിട്ടും, കോളേജിൽ പ്രവേശനം കിട്ടാത്ത വിദ്യാർത്ഥികൾ ആന്ധ്രപ്രദേശിൽ ഒട്ടേറെയുണ്ടു്. ഈയാണ്ടിൽ എം. എഡ്. കോഴ്സിനു് 700 വിദ്യാർത്ഥികൾക്കു പ്രവേശനം നൽകിയപ്പോൾ, അപേക്ഷകരുടെ എണ്ണം 7,833 ആയിരുന്നു. ആണ്ടിൽ 8.6 ശതമാനമെന്ന തോതിനാണു് ആന്ധ്രപ്രദേശിലെ കോളേജുകളിൽ വിദ്യാർത്ഥികളുടെ വർദ്ധന. കോളേജുകളിൽ സീററു് വർദ്ധിപ്പിക്കണമെന്ന മുറവിളി അവിടെ എല്ലാ ആണ്ടിലും ഉയരുന്നുണ്ടു്. പെരുകിവരുന്ന ഈ വിദ്യാഭ്യാസാവശ്യത്തെ ഒരളവോളമെങ്കിലും 'ഓപ്പൻ യൂനിവേഴ്സിററി' നിറവേററുമെന്നാണു പ്രതീക്ഷ.

ആന്ധ്രപ്രദേശിൽനിന്നു മാത്രമല്ല, ഇന്ത്യയിലെ ഏതു ഭാഗത്തുനിന്നുമുള്ള വിദ്യാർത്ഥികൾക്കും 'ഓപ്പൻ യൂനിവേഴ്സിററി'യിൽ പ്രവേശനത്തിനു് അപേക്ഷിക്കാം. ഇംഗ്ലീഷും, തെലുങ്കുമായിരിക്കും 'ഓപ്പൻ യൂനിവേഴ്സിററി'യിലെ രണ്ടു മാധ്യമങ്ങൾ. വിദ്യാർത്ഥികൾ വേനൽക്കാലത്തു് പത്തു ദിവസം ഏതെങ്കിലുമൊരു 'പഠനകേന്ദ്ര'ത്തിൽ ഹാജരാവണമെന്നതു മാത്രമാണു വ്യവസ്ഥ.

'ഓപ്പൻ യൂനിവേഴ്സിററി'യുടെ ആസ്ഥാനം, ഹൈദരാബാദിലോ, നാഗാർജുനസാഗറിലോ, എവിടെയായിരിക്കുമെന്നുതന്നെ ഇനിയും തീരുമാനിച്ചിട്ടില്ല. ആ നിലയ്ക്കു്, അടുത്ത ജൂലൈമാസത്തിൽ പഠനം ആരംഭിക്കുമ്പോൾ. 'യൂനിവേഴ്സിററി'യുടെ നില എന്തായിരിക്കും? ആരാണു പാഠ്യഗ്രന്ഥങ്ങൾ—അതും പുതിയ വിഷയങ്ങളിൽ—തയ്യാറാക്കുക? സിലബസ് എവിടെയുണ്ടു്? വിദ്യാർത്ഥികൾക്കു സയൻസ് കിററുകൾ നൽകുമോ? 24 കേന്ദ്രങ്ങൾക്കു് ആവശ്യമുള്ള പാർട്ട്ടൈം അദ്ധ്യാപകരെ എങ്ങനെ തിരഞ്ഞെടുക്കും? കാസെററുകൾ ആർ തയ്യാറാക്കും? ആകാശവാണിയുടെ സഹകരണം ഈ പരിപാടിക്കു് എത്രമാത്രം ലഭിക്കും? അങ്ങനെ ഉത്തരം കാണാത്ത പ്രശ്നങ്ങൾ നിരവധിയാണു്. നല്ല ഒരാശയത്തെ അവിദഗ്ദ്ധമായി കൈകാര്യംചെയ്തു നശിപ്പിക്കുകയാവുമോ ആന്ധ്രപ്രദേശ് 'ഓപ്പൻ യൂനിവേഴ്സിററി' നിർവഹിക്കുന്ന ചരിത്രപരമായ ദൗത്യം?

'ഓപ്പൻ യൂനിവേഴ്സിററി ആക്ട്' പാസ്സാക്കുന്നതിലും രാഷ്ട്രപതിയെക്കൊണ്ട് 'ഓപ്പൻ യൂനിവേഴ്സിററി' ഉദ്ഘാടനംചെയ്യിക്കുന്നതിലും അധികൃതർ പ്രകടിപ്പിച്ച തിടുക്കം, തുടർന്നുചെയ്യേണ്ട കാര്യങ്ങളിൽ അവർക്കുണ്ടാകുമോ?

ചുരുക്കത്തിൽ, ഇന്ത്യയിലെ ആദ്യത്തെ 'ഓപ്പൻ യൂനിവേഴ്സിററി' ഒരു വിഡ്ഢിയുടെ അമ്മയുടെ ശ്രാദ്ധംമാത്രമായി പര്യവസാനിക്കുമോ? 'വിഡ്ഢിയുടെ അമ്മയുടെ ശ്രാദ്ധംപോലെ' എന്നു പറയുന്നതിനു പകരം, 'ആന്ധ്രപ്രദേശിലെ ഓപ്പൻ യൂനിവേഴ്സിററിപോലെ' എന്നായിരിക്കുമോ ഭാവിയിൽ തെലുങ്കുനാട്ടിലെ ഗ്രാമീണർ പറയുക?

(10 സെപ്റ്റംബർ, 1982)

# 94. കാർഷിക സർവകലാശാലകൾ എന്തിനു വേണ്ടി?

ഇന്ത്യയിലെ കൃഷിയെ ആധുനികീകരിക്കുക എന്ന ലക്ഷ്യത്തോടെ ഉത്തർ പ്രദേശിൽ ഗോവിന്ദവല്ലഭപന്ത് കാർഷിക സർവകലാശാല ആരംഭിച്ചതു് 1960—ൽ ആയിരുന്നു. അമേരിക്കയിലെ ഇല്ലിനോയ് സർവകലാശാലയുടെ നിർല്ലോഭമായ സഹകരണം ആദ്യഘട്ടത്തിൽ ഈ കാർഷിക സർവകലാശാലയ്ക്കു ലഭിച്ചു. അമേരിക്കയിലും, അമേരിക്കയ്ക്കു പുറമെയുള്ള ഏതാനും അന്താരാഷ്ട്രീയ കാർഷിക ഗവേഷണകേന്ദ്രങ്ങളിലും, ഗോവിന്ദ വല്ലഭപന്ത് കാർഷിക സർവകലാശാലയിൽത്തന്നെയും, നടന്നവയും നടക്കുന്നവയുമായ ഗവേഷണങ്ങളുടെ ഫലങ്ങൾ കർഷകർക്കു ലഭ്യമാക്കുകവഴി കാർഷികോല്പാദനം പരമാവധി വർദ്ധിപ്പിക്കുകയും, കൃഷിയെ പാരമ്പര്യസിദ്ധമായ ഒരു ജീവിതരീതി എന്ന നിലയിൽനിന്നു് ആദായകരമായ ഒരു വ്യവസായമാക്കി മാററുകയുമാണ് 'കൃഷിയെ ആധുനികീകരിക്കുക' എന്നതുകൊണ്ടു് അർത്ഥമാക്കിയിരുന്നതു്.

ഗോവിന്ദവല്ലഭപന്ത് കാർഷിക സർവകലാശാല സ്ഥാപിച്ചതിനു ശേഷം കടന്നുപോയ കാൽനൂററാണ്ടോളം കാലത്തിനിടയ്ക്കു് ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും കാർഷിക സർവകലാശാലകൾ സ്ഥാപിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ടു്. അവയിലെല്ലാം അദ്ധ്യാപനത്തിനും ഗവേഷണത്തിനും കാർഷികവിജ്ഞാനവ്യാപനത്തിനുമുള്ള വിപുലങ്ങളായ സംവിധാനങ്ങൾ നിലവിൽ വന്നിട്ടുമുണ്ടു്. എന്നിട്ടും, ഗോതമ്പുല്പാദനത്തിൽ, മുഖ്യമായും പഞ്ചാബിലെ ജലസേചിതപ്രദേശങ്ങളിൽ ഏതാനും വർഷങ്ങൾക്കുമുമ്പു സംഭവിച്ച 'ഹരിതവിപ്ലവം' ഒഴിവാക്കിയാൽ ഭാരതീയ കൃഷിവ്യവസ്ഥയിൽ ഈ സർവകലാശാലകൾ ചെലുത്തിയ പ്രഭാവം നാമമാത്രമാണെന്നു പറയണം.

നമ്മുടെ കാർഷിക സർവകലാശാലകളുടെ ഈ പരാജയത്തിനു മുഖ്യ കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നതു്, അവയുടെ ലക്ഷ്യം ഇപ്പോഴും യഥാർത്ഥ കർഷകർക്കു പരിശീലനം നൽകുകയല്ല എന്ന വസ്തുതയത്രേ. മറെറാരു വിധത്തിൽ പറഞ്ഞാൽ, ഈ സർവകലാശാലകളിൽ പഠിച്ചു ബിരുദം നേടിയവർ, അവയിൽനിന്നു ലഭിച്ച അറിവുമായി വയലുകളിലേക്കു തിരിച്ചുപോകുന്നില്ല. നമ്മുടെ കാർഷികബിരുദധാരികളിൽ ഭാഗ്യവാന്മാരായ കുറേപ്പേർ വിദേശങ്ങളിലെ ഗവേഷണസ്ഥാപനങ്ങളിലും സർവകലാശാലകളിലും എത്തിപ്പെടുന്നു. അത്രതന്നെ ഭാഗ്യമില്ലാ